(ഇ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ പുനരുദ്ധാരണ പദ്ധതിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) നൂറ്റിഅൻപത് ലക്ഷം രൂപയിൽ താഴെ മാത്രമാണ് കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടുവാനുള്ളത്. ഈ കാര്യത്തിൽ സർക്കാർ കാലാകാലങ്ങളിൽ വേണ്ട മാർഗ്ഗനിർദ്ദേശം നൽകിവരുന്നു.

ടൈറ്റാനിയം ഡയോക്സൈഡിന്റെ വില കുറയ്ക്കുന്നതിനെപ്പറ്റി പഠനം

40 [3445] ശ്രീ. വർക്കല കഹാർ:
„ പ്രയാർ ഗോപാലകൃഷ്ണൻ:
„ എൻ. ശക്തൻ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് നിർമ്മിക്കുന്ന ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയെത്രയാണ്;

(ബി) മിനറൽസ് ആന്റ് മെറ്റൽസ് കോർപ്പറേഷൻ ഉൽപ്പാദിപ്പിക്കുന്ന ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയെത്രയാണ്;

(സി) ഇവയുടെ വിലയിൽ വ്യത്യാസമുള്ളപക്ഷം അതിനുള്ള കാരണം എന്താണ് എന്ന് വ്യക്തമാക്കുമോ;

(ഡി) ലോകവിപണിയിൽ ടൈറ്റാനിയം ഡയോക്സൈഡിന്റെ വിലയെത്രയാണ്;

(ഇ) ലോക വിപണിയിൽ വിജയകരമായി മത്സരിക്കത്തക്ക വിധത്തിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ വില കുറയ്ക്കുവാനുള്ള മാർഗ്ഗത്തെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ടി. ടി. പി. നിർമ്മിക്കുന്ന ഒരു ടൺ ടൈറ്റാനിയം ഡയോക്സൈഡിന്റെ അടിസ്ഥാന വില ടൺ ഒന്നിന് 61,000 രൂപയാണ്. എക്സൈസ് നികുതിയും വിൽപ്പന നികുതിയും മറ്റും ചേർത്ത് കമ്പോളത്തിൽ എത്തുമ്പോൾ വില 74,000 രൂപയോളമാകും.

(ബി) കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് ഉത്പ്പാദിപ്പിക്കുന്ന ടൈറ്റാനിയം ഡയോക്സൈഡിന്റെ അടിസ്ഥാന വില ടൺ ഒന്നിന് 1,10,000 രൂപയാണ് ഇതിന് പുറമേ വിൽപ്പന നികുതിയും എക്സൈസ് നികുതിയും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടി. ടി. പി.-യെ അപേക്ഷിച്ച് കെ. എം. എം. എൽ.-ൽ നിലവിലുള്ളത് കുറച്ചുകൂടി നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രക്രിയയാണ്. ടി. ടി. പി.-യിൽ അനട്ടേസ് ഗ്രേഡ് (സൾഫയിറ്റ് റൂട്ട്) ടൈറ്റാനിയം ഡയോക്സൈഡും കെ. എം. എം. എൽ.-ൽ റൂട്ടൈൽ ഗ്രേഡ് (ക്ലോറൈഡ് റൂട്ട്) ടൈറ്റാനിയം ഡയോക്സൈഡുമാണ് ഉൽപ്പാദിപ്പിക്കുന്നത്. ഗുണനിലവാരമുള്ള പെയിന്റ് നിർമ്മാണത്തിന് റൂട്ടൈൽ ഗ്രേഡ് ടൈറ്റാനിയം ഡയോക്സൈഡാണ് ഉപയോഗിക്കുന്നത്.

(ഡി) ടൈറ്റാനിയം ഡയോക്സൈഡിന്റെ വില ടണ്ണിന് 1700 ഡോളർ മുതൽ 1900 ഡോളർ വരെയാണ്. ചൈനയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന അനട്ടേസ് ഗ്രേഡിലുള്ള ടൈറ്റാനിയം ഡയോക്സൈഡിന്റെ ഇൻഡ്യയിലെ കമ്പോള വില 55,000 മുതൽ 60,000 രൂപ വരെയാണ്.

(ഇ, എഫ്) ലോകവിപണിയിലെ കടുത്ത മത്സരം നേരിടാൻ വേണ്ടി ടി. ടി. പി. എൽ., കെ. എം. എം. എൽ. എന്നീ സ്ഥാപനങ്ങൾ ഉൽപ്പാദനച്ചെലവ് കുറച്ചു കൊണ്ടുവരികയും ഗുണനിലവാരം ഉയർത്തുകയും ചെയ്തിട്ടുണ്ട്. ടി. ടി. പി. എൽ.-ൽ അധികമുള്ള ജീവനക്കാരെ കുറച്ചുകൊണ്ടു വരുവാൻ വേണ്ടി ഒരു സ്വയം വിരമിക്കൽ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കെ. എം. എം. എൽ.-ന്റെ സ്ഥാപിതശേഷിയായ 22,000 ടണ്ണിൽനിന്ന് പടിപടിയായി ഉൽപ്പാദനം വർദ്ധിപ്പിച്ചുകൊണ്ടുവരുന്നതിനുള്ള നൂതന ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ ഫലമായി ഇപ്പോൾ ഉൽപ്പാദനം വർഷത്തിൽ ഏകദേശം 30,000 ടൺ ആയി ഉയർന്നിട്ടുണ്ട്. ഇതുമൂലം ഉൽപ്പന്നത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുകയും ലോകവിപണിയിൽ വിജയകരമായി മത്സരിക്കത്തക്ക രീതിയിൽ വില കുറച്ച് വിപണനം നടത്തുവാനും കമ്പനിക്കു കഴിയുന്നുണ്ട്.

സിമന്റ് പാത്ര നിർമ്മാണ വ്യവസായ യൂണിറ്റുകൾ

41 [3446] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിമന്റ് പാത്ര നിർമ്മാണ വ്യവസായത്തിനുള്ള എത്ര യൂണിറ്റുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) എന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാർ അവർക്ക് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) അവർക്ക് പാത്രങ്ങൾ ദൂരസ്ഥലത്തെത്തിക്കാനുള്ള വാഹനങ്ങൾക്കോ മറ്റ് വ്യവസായ ആവശ്യങ്ങൾക്കോ ലോൺ അനുവദിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള പലിശ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സാധാരണ ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അർഹമായ മൂലധന സബ്സിഡി, മാർജിൻമണി തുടങ്ങിയ ആനുകൂല്യങ്ങൾ ഈ യൂണിറ്റുകൾക്കും അനുവദനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly